കെ.സി ജലീൽ പുളിക്കൽ

# സന്നദ്ധഭടന്മാർക്ക് ശുഭവാർത്ത

قَالَ رَسُولُ لله : إِنَّ الدِّينَ بَدَأَ غَرِيبًا وَسَيَعُودُ كَمَا بَدَأَ فَطُوبَى لِلْغُرَبَاءِ وَهُمُ الَّذِينَ يُصْلِحُونَ مَا أَفْسَدَ النَّاسُ مِنْ بَعْدِي مِنْ سُنَّتِي (ترمذى)

**നബി (സ) പറഞ്ഞു: "ഇസ്‌ലാം ആരംഭിച്ചത് അപരിചിതാവസ്ഥയിലാണ്. പ്രാരംഭഘട്ടത്തിലെ ഇതേ അവസ്ഥയിലേക്ക് ഭാവിയിൽ അത് മടങ്ങിയെത്തും. അന്ന് അന്യവൽക്കരിക്കപ്പെട്ട് അപരിചിതരായിത്തീർന്നവർക്ക് സന്തോഷവാർത്ത. ജനങ്ങൾ വികൃതമാക്കി ദുഷിപ്പിച്ച എന്റെ ചര്യയെ ശുദ്ധീകരിച്ചെടുത്ത് പുനരാവിഷ്കരിക്കുന്നവരാണവർ" (തിർമിദി).**

അന്ത്യപ്രവാചകൻ മുഹമ്മദ് (സ) തന്റെ പ്രബോധനപ്രവർത്തനങ്ങൾ ആരംഭിച്ച കാലത്ത് അഭിമുഖീകരിക്കേണ്ടിവന്ന പ്രതികൂലാവസ്ഥയാണ് ഈ ഹദീസിൽ പറഞ്ഞ അപരിചിതത്വം. അല്ലാഹുവിന്റെ സഹായത്തോടെ പ്രവാചകൻ ഒരു സമ്പൂർണ ഇസ്‌ലാമിക സമൂഹം സ്ഥാപിച്ചതോടെ ആ അപരിചിതത്വം ഇല്ലാതായി. എന്നാൽ, ഉത്ഥാനപതനങ്ങളിലൂടെ പല ഘട്ടങ്ങൾ പിന്നിട്ട് ഒടുവിലത് എത്തിപ്പെടുന്നത് പ്രാരംഭഘട്ടത്തിനു സമാനമായ ഒരവസ്ഥയിലായിരിക്കും. അന്നു ഇസ്‌ലാമിന്റെ പുനഃസ്ഥാപനത്തിന് പ്രവർത്തിക്കാൻ സന്നദ്ധരായി മുന്നോട്ടുവരുന്നവർക്ക് ശുഭവാർത്ത അറിയിക്കുകയാണ് പ്രവാചകൻ.

മുഹമ്മദ് നബി (സ) അന്ത്യപ്രവാചകനാണ്. ലോകാന്ത്യം വരേക്കുമുള്ള അല്ലാഹുവിന്റെ ദൂതൻ. തന്റെ ജനത അന്ത്യകാലം വരെ അഭിമുഖീകരിക്കേണ്ടിവരുന്ന വിജയപരാജയങ്ങളുടെ പൊതു ചിത്രം നബി(സ)യുടെ ജീവിതകാലത്തുതന്നെ അല്ലാഹു അദ്ദേഹത്തിന് അറിയിച്ചുകൊടുത്തിട്ടുണ്ട്.

നബി (സ) പരസ്യപ്രബോധനവുമായി ഇറങ്ങിയ ഒന്നാം ദിവസം തന്നെ ശക്തമായ എതിർപ്പുകൾ നേരിടേണ്ടിവന്നു. സ്വന്തം പിതൃവ്യൻ തന്നെയാണതിന് ആരംഭം കുറിക്കുന്നത്. 'എനിക്കും സാധാരണ അടിമക്കും തുല്യസ്ഥാനം നൽകുന്ന ഈ മതം തുലയട്ടെ' എന്ന് ആക്രോശിച്ചുകൊണ്ടാണ് അബൂലഹബ് ശത്രുതക്ക് തുടക്കമിട്ടത്. തുടർന്നങ്ങോട്ട് നബി(സ)യുടെ സ്വന്തക്കാരും കുടുംബക്കാരും ഗോത്രപ്രമുഖരുമെല്ലാം എതിർപ്രചാരവേലയുമായി രംഗത്തുവരുന്നു. എതിർപ്പിനാധാരം ഏകദൈവത്വവും ഏകമാനവികതയും സമത്വവും തന്നെ. ബഹുദൈവത്വത്തിലും അക്രമത്തിലും അനീതിയിലും അധർമത്തിലും മുഴുകിയ മക്കയിലെ പ്രമുഖർക്ക് മുഹമ്മദ് നബി(സ)യുടെ ഇസ്‌ലാമിക പ്രബോധനം അസഹ്യമായിരുന്നു.

ഖുർആനിന്റെ അമാനുഷികതയും മാസ്മരികതയും മുഹമ്മദ് നബി(സ)യുടെ വ്യക്തിത്വവും ഒത്തുചേർന്ന ഇസ്‌ലാമിക പ്രചാരണം ജനത്തെ ആകർഷിക്കാൻ പോന്നതാണെന്ന് മനസ്സിലാക്കിയ ഖുറൈശീ പ്രമുഖർ കടുത്ത ഉപരോധവും ശക്തമായ എതിർപ്രചാരണവും ആസൂത്രണം ചെയ്തു. മറ്റു പ്രദേശങ്ങളിൽനിന്നെത്തുന്നവരെ ശ്രദ്ധിക്കാൻ വരെ ഏർപ്പാടുകൾ ചെയ്തു. സാധാരണക്കാരിൽവരെ ഈ എതിർപ്രചാരണം എത്രമാത്രം തെറ്റിദ്ധാരണ സൃഷ്ടിച്ചിരുന്നു എന്നതിന്റെ ഒരുദാഹരണം കാണുക; മക്കയിലെ സാധാരണക്കാരിയായ ഒരു വൃദ്ധ തന്റെ ചുവട് വീട്ടിലെത്തിക്കാൻ പ്രയാസപ്പെടുന്നത് മനസ്സിലാക്കിയ പ്രവാചകൻ അവരുടെ ചുമട് ചുമന്ന് വീട്ടിലെത്തിച്ചുകൊടുക്കുന്നു. ഇത് മുഹമ്മദ് നബി(സ)യാണെന്ന് മനസ്സിലാക്കിയിട്ടില്ലാത്ത വൃദ്ധ വലിയ കുഴപ്പക്കാരനായ മുഹമ്മദിന്റെ വലയിൽ നിന്നെപ്പോലെയുള്ള നല്ല യുവാക്കൾ പെട്ടുപോകരുത് എന്ന് ഉപദേശിക്കുന്നു. വൃദ്ധയുടെ മുമ്പിലുള്ളത് എല്ലാവർക്കും വേണ്ടപ്പെട്ട നല്ലവനായ മുഹമ്മദ് (സ). കേട്ടറിഞ്ഞ മുഹമ്മദ് (സ) നാശത്തിൽപെടുത്തുന്ന കുഴപ്പക്കാരനും. ഇതുതന്നെയാണ് അപരിചിതമായ അവസ്ഥ, ഇന്നത്തെ ഭാഷയിൽ അന്യവൽക്കരണം. ഇങ്ങനെ തികച്ചും അന്യവൽക്കരിക്കപ്പെട്ട, ഒറ്റപ്പെട്ട അവസ്ഥയിലായിരുന്നു ആദ്യഘട്ടത്തിൽ. എതിർപ്പുകൾ അവഗണിച്ച് ഇസ്‌ലാം സ്വീകരിക്കുന്ന വിശ്വാസികൾക്ക് കടുത്ത മർദനം. വിശ്വാസികൾക്ക് പുറത്തിറങ്ങി നടക്കാനാകാതെ 'ദാറുൽ അർഖമി'ൽ കഴിയേണ്ടിവന്നു. മറ്റു ചിലപ്പോൾ ബഹിഷ്കൃതരായി മലഞ്ചെരുവിൽ ഉപരോധിക്കപ്പെട്ട്, പച്ചിലകൾ ഭക്ഷിച്ചുകഴിയേണ്ട സ്ഥിതിയിലായി. ഹിജ്റയോടെ അവസ്ഥ മാറി. അല്ലാഹു തന്റെ ദീൻ സമ്പൂർണമായി അവതരിപ്പിക്കുകയും പ്രവാചകനും അനുയായികളും അല്ലാഹുവിന്റെ സഹായത്തോടെ അത് പ്രയോഗവൽക്കരിക്കുകയും ചെയ്തു. മദീന കേന്ദ്രമായി ഇസ്‌ലാമിക സാമൂഹിക ക്രമം നിലവിൽവന്നു. അബൂബക്കർ(റ), ഉമർ(റ) എന്നിവർ പ്രവാചകന്റെ വിയോഗാനന്തരം ഒരു പോറലുമേൽക്കാതെ അതിന് വികാസം നൽകിക്കൊണ്ടിരുന്നു.

പിൽക്കാലത്ത് പ്രവാചകൻ പ്രവചിച്ച പോലെത്തന്നെ ഖിലാഫത്തിന് ക്ഷതമേറ്റുതുടങ്ങി. ക്രമേണ ദീനിന്റെ ഓരോ പിരിയും അഴിഞ്ഞു. ഇസ്‌ലാമിനെ ഉന്മൂലനം ചെയ്യാനാകുമെന്ന പ്രതീക്ഷയിൽ എതിരാളികൾ കുരിശുയുദ്ധം

വരെ നടത്തി. എന്നിട്ടും തിരിച്ചുവരവിന്റെ ലക്ഷണം കാണിച്ച ഇസ്‌ലാമിനെ ഉന്മൂലനം ചെയ്യാൻ അവർക്ക് കിട്ടിയ അവസരമായിരുന്നു കോളനിവാഴ്ച. ഇക്കുറി സാവകാശം കിട്ടി. അവർ മർമം കണ്ടെത്തിത്തന്നെ അടിച്ചു. ഖുർആനിൽനിന്നും നബി ചര്യയിൽനിന്നും അവർ മുസ്‌ലിം സമൂഹത്തെ അടർത്തിമാറ്റി. ഇരു പ്രമാണങ്ങളും അക്ഷരങ്ങളിലൊതുങ്ങി. നാമമാത്ര ഖിലാഫത്തിനെയും ഇല്ലാതാക്കി അതിന്റെ സാമൂഹിക ഘടനയും തകർത്തു. മുസ്‌ലിം നാടുകളെ തുണ്ടംതുണ്ടമാക്കി തിരിച്ചുവരവിനുള്ള സാധ്യതപോലും ഇല്ലാതാക്കി. മുസ്‌ലിം സമൂഹം അങ്ങിങ്ങ് അടിഞ്ഞുകൂടിയ ആൾക്കൂട്ടങ്ങളായി മാറി. എന്നാൽ, ഇസ്‌ലാം അല്ലാഹുവിന്റെ ദീനാണ്. അത് ലോകാന്ത്യം വരെ ഉണ്ടാകണമെന്നത് അവന്റെ തീരുമാനമാണ്. അതിനാൽ പ്രവാചകന്റെ പ്രവചനം അന്വർഥമാക്കി, കോളനിവാഴ്ചയുടെ അവസാനത്തോടെ തന്നെ ഇസ്‌ലാമിന്റെ പുനഃസ്ഥാപനത്തിനുള്ള സംരംഭങ്ങൾക്കും തുടക്കം കുറിച്ചു. ഇസ്‌ലാമിന്റെ പുനഃസ്ഥാപനം ലക്ഷ്യമായി പ്രഖ്യാപിച്ച് ഖുർആനും സുന്നത്തും അടിസ്ഥാനപ്രമാണമാക്കി ഇസ്‌ലാമിക നവോത്ഥാന നായകന്മാർ രംഗത്തുവന്നു.

ശരിയായ ഇസ്‌ലാമിക അവബോധം നഷ്ടപ്പെട്ട് ഒറ്റപ്പെട്ട തുരുത്തുകളിൽ കഴിഞ്ഞിരുന്ന മുസ്‌ലിംകൾക്ക് ഖുർആനും സുന്നത്തും പ്രതിനിധാനം ചെയ്യുന്ന സമഗ്രവും സമ്പൂർണവുമായ ഇസ്‌ലാമിനെ ഉൾക്കൊള്ളാനായില്ല. പുരോഹിതന്മാരും തൽപരകക്ഷികളും നവോത്ഥാനസംരംഭങ്ങളെ തടഞ്ഞുനിർത്താൻ ആസൂത്രിത ശ്രമങ്ങളും തുടങ്ങി. അങ്ങനെ ഇസ്‌ലാമിക നവോത്ഥാന സംരംഭം പ്രാരംഭഘട്ടത്തിൽ തന്നെ മുസ്‌ലിംകൾക്കിടയിൽ 'അപരിചിതമായി' ത്തീർന്നു.

മുസ്‌ലിംനാടുകളിലെ ഏകാധിപതികളായ ഭരണാധികാരികളിൽ 'ഇസ്‌ലാംപേടി' ഉണ്ടാക്കിയെടുത്ത് അവരെക്കൊണ്ട് ഇസ്‌ലാമിക നവോത്ഥാന സംരംഭങ്ങളെ അടിച്ചമർത്താനും ചോരയിൽ മുക്കിക്കൊല്ലാനും എതിർപ്രചാരവേലകൾ നടത്താനും ദുശ്ശക്തികൾ ഒളിഞ്ഞും തെളിഞ്ഞും മിനക്കെട്ടു. നവോത്ഥാന നായകരിൽ ചിലർ വധിക്കപ്പെട്ടു; ധാരാളം പേർ തടവറകളിൽ ക്രൂരമായ പീഡനങ്ങൾ ഏറ്റുവാങ്ങി. ഈ അടിച്ചമർത്തലുകളും അന്യവൽക്കരണവും ഉഗ്രഗതി പ്രാപിച്ചിരിക്കുന്നു ഇന്ന്. ഇസ്‌ലാമിനെതിരാണെങ്കിൽ എന്തു ജനാധിപത്യലംഘനവും ക്രൂരതയുമാകാം എന്നുവന്നിരിക്കുന്നു. ഭീകരതയെ ഇസ്‌ലാമിന്റെ പര്യായമായി ചിത്രീകരിച്ചുകൊണ്ടിരിക്കുകയാണ്. ഈയൊരു ചരിത്രസന്ധിയിൽ 'ജനങ്ങൾ ദുഷിപ്പിച്ചതിനെ നന്നാക്കിയെടുക്കുക' എന്ന നബിവചനത്തിൽ പറഞ്ഞ ദൗത്യം ഏറെ ശ്രമകരവും കഠിനാധ്വാനവും ത്യാഗവും ആവശ്യപ്പെടുന്നതുമാണ്. കരുത്തുറ്റ ഈമാനും തവക്കുലും വിപുലമായ അറിവും ആർജിച്ചവർക്കേ ഇത് സാധിക്കൂ. അതുകൊണ്ടുതന്നെയാകും, അത്യസാധാരണമായ പ്രതിസന്ധികൾക്കു നടുവിൽ ഇസ്‌ലാമിനെ അതിന്റെ യഥാർഥ ചൈതന്യത്തോടെ നെഞ്ചിലേറ്റുന്നവരെ പ്രവാചകൻ ഇത്രമേൽ പുകഴ്ത്തുകയും അവർക്ക് സർവ മംഗളങ്ങളും ആശംസിക്കുകയും ചെയ്യുന്നത്. ●